**പതിനഞ്ചാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**ബുള്ളറ്റിൻ ഭാഗം - 2**

**2021 മെയ്, 31**

**നമ്പർ : 15**

## 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന് ഭേദഗതി നോട്ടീസ് നൽകുന്നതിനുള്ള സമയ വിവരം

ഇന്ന് (31.05.2021) സഭ അംഗീകരിച്ച കാര്യോപദേശക സമിതി റിപ്പോർട്ടനുസരിച്ച് 2021 ജൂൺ 3-ാം തീയതി വ്യാഴാഴ്ച **'2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ'** സഭയിൽ അവതരിപ്പിക്കുകയും പരിഗണനയ്ക്കെടുത്ത് ചർച്ച അവസാനിപ്പിക്കുകയും ചെയ്യുന്നതാണ്. ഈ സാഹചര്യത്തിൽ അംഗങ്ങൾക്ക് ചർച്ചയിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട മന്ത്രിയുടെ, ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തിന്മേൽ ബിൽ സർക്കുലേറ്റ് ചെയ്യണമെന്നോ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നോ ആവശ്യപ്പെടുന്നതിനായി ഭേദഗതി നോട്ടീസുകൾ നൽകാവുന്നതാണ്. പ്രസ്തുത ഭേദഗതി നോട്ടീസുകൾ നൽകുന്നതിനുള്ള തീയതിയും സമയവും **2021 ജൂൺ 1-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00** മണിയും ബില്ലിലെ വകുപ്പുകൾക്ക് ഭേദഗതി നോട്ടീസ് നൽകുന്നതിനുള്ള തീയതിയും സമയവും അന്നേദിവസം ( 01.06.2021) **ഉച്ചയ്ക്ക് ശേഷം 3.00 മണിയും** ആയിരിക്കുന്നതാണ്. **ഇതു** സംബന്ധിച്ച ഓർഡിനൻസ് (2021-ലെ 22-ാം നമ്പർ ഓർഡിനൻസ്) നിരാകരണ പ്രമേയ നോട്ടീസുകൾ നൽകുന്നതിനുള്ള തീയതിയും സമയവും അന്നേ ദിവസം (01.06.2021) രാവിലെ **11.00** മണിയായിരിക്കും.

ഓർഡിനൻസ് നിരാകരണ പ്രമേയ നോട്ടീസുകളുടെയും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തിന്മേലുള്ള ഭേദഗതി നോട്ടീസുകളുടെയും മുൻഗണനാക്രമം നിർണ്ണയിക്കുവാൻ നടത്തുന്ന നറുക്കെടുപ്പ് അന്നേ ദിവസം **(01.06.2021) ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക്** ഡെപ്യൂട്ടി സെക്രട്ടറി (ലെജിസ്ലേഷൻ) യുടെ ഓഫീസിൽ വച്ച് (റൂം നമ്പർ 408) നടത്തുന്നതാണെന്നും അറിയിക്കുന്നു.

**എസ്. വി. ഉണ്ണികൃഷ്ണൻ നായർ**
**സെക്രട്ടറി**

Feb16/TS